സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 16 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ



ദ്വാരകയിൽ ബിപോർജോയ് ചുഴലിക്കാറ്റിൽ മരം കടപുഴകി വീണപ്പോൾ

## തീരമേഖലയിൽ നാശം വിതച്ച് ബിപോർജോയ്

# ആറ് മരണം, 22 പേർക്ക് പരുക്ക്

അഹമ്മദാബാദ്: ബിപോർജോയ് കൊടുങ്കാറ്റ് ഗുജറാത്ത് തീരത്ത് ഇന്നലെ ആഞ്ഞടിച്ചു. കനത്ത നാശനഷ്ടമാണ് ഗുജറാത്ത്തീരമേഖയിൽ ബിപോർജോയ് വരുത്തിവച്ചത്. ഇന്നലെ വൈകുന്നേരത്തോടെ ഗുജറാത്തിലെ തീരപ്രദേശങ്ങളിൽ കര തൊട്ട ചുഴലിക്കാറ്റ് ഇപ്പോൾ സൗരാഷ്ട്ര-കച്ച് മേഖലകളിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്.

ഇതുവരെ ആറ് പേർ മരിക്കുകയും 22 പേർക്ക് പരുക്കേൽക്കുകയും ചെയ്തു. കൂടാതെ 23 മൃഗങ്ങൾ ചത്തു. അനേകം മരങ്ങൾ കടപുഴകി വീണു. വൈദ്യുത തൂണുകൾ വീണതിനെ തുടർന്ന് ഗുജറാത്തിലെ 940 ഗ്രാമങ്ങളിൽ വൈദ്യുതിവിതരണം പൂർണമായും തടസപ്പെട്ടു. അതേസമയം ബിപോർജോയിയുടെ തീവ്രത കുറഞ്ഞിട്ടുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ബിപോർജോയ് ഇന്ന് വടക്ക് കിഴക്കോട്ട് നീങ്ങുമെന്നാണ് കരുതുന്നത്. ഇന്ന് വൈകുന്നേരത്തോടെ ദക്ഷിണ രാജസ്ഥാനിൽ പ്രവേശിക്കുമ്പോഴേക്കും ചുഴലിക്കാറ്റ് ദുർബലമായി ന്യൂനമർദ്ദമായി മാറും. രാജസ്ഥാനിൽ ഇന്ന് കനത്ത മഴക്ക് സാധ്യതയുണ്ട്.

സംസ്ഥാനത്തെ നിലവിലെ സ്ഥിതിഗതികൾ അറിയാനായി ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലുമായി ഫോണിൽ സംസാരിച്ചു. ഗിർ വനത്തിലെ സിംഹങ്ങളുടെ സുരക്ഷക്കായി സംസ്ഥാനം സ്വീകരിച്ച നടപടികളെക്കുറിച്ചും മറ്റ് കാര്യങ്ങളെക്കുറിച്ചും പ്രധാനമന്ത്രി വിശദാംശങ്ങൾ തേടി. അതേസമയം ചുഴലിക്കാറ്റിനെയും മഴയെയും നേരിടാൻ സംസ്ഥാനം സജ്ജമാണെന്ന് രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ട് അറിയിച്ചു. 'ഞങ്ങൾ അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്.

സിവിൽ ഡിഫൻസ്, ഡിസാസ്റ്റർ മാനേജ്മെന്റ് ടീമുകൾ സജ്ജമാണ്. പരിഭ്രാന്തരാകേണ്ട ആവശ്യമില്ല,' അദ്ദേഹം ഭരത്പൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. രാജസ്ഥാനിലെത്തുമ്പോഴേക്കും ചുഴലിക്കാറ്റ് ദുർബലമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജൂൺ 16 വരെ സൗരാഷ്ട്രയിലും കച്ചിലും കനത്ത മഴ തുടരും. മുൻകരുതൽ നടപടികളുടെ ഭാഗമായി എൻ.ഡി.ആർ.എഫിന്റെ 18 ടീമുകളേയും സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് 12 ടീമുകളേയും നിയോഗിച്ചിട്ടുണ്ട്. ഗതാഗത വകുപ്പ് 115 ഉദ്യോഗസ്ഥരേയും വൈദ്യുതി വകുപ്പ് 397 പേരെയും ചേർത്ത് പ്രത്യേക ദൗത്യസേന രൂപീകരിച്ചു. കരസേന, നാവികസേന, വ്യോമസേന, കോസ്റ്റ് ഗാർഡ് എന്നിവയുൾപ്പെടെ എല്ലാ സായുധ സേനകളും സഹായം നൽകുന്നതിന് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയതായി ഗുജറാത്തിലെ പ്രതിരോധ മന്ത്രാലയം അറിയിച്ചു. കാറ്റഗറി മൂന്നിൽ ഉൾപ്പെടുത്തിയ ഏറ്റവും തീവ്രത കൂടിയ ചുഴലിക്കാറ്റാണ് ബിപോർജോയ്. കാറ്റിന്റെ ശക്തി കണക്കിലെടുത്ത് മത്സ്യബന്ധനം പൂർണമായും വിലക്കി. മുന്നറിയിപ്പ് കണക്കിലെടുത്ത് 100 ട്രെയിനുകൾ റദ്ദാക്കിയതായി പശ്ചിമ റെയിൽവേ നേരത്തെ അറിയിച്ചിരുന്നു. കച്ച്, ജാംനഗർ, മോർബി, രാജ്കോട്ട്, ദേവ്ഭൂമി ദ്വാരക, ജുനഗഡ്, പോർബന്തർ, ഗിർ സോമനാഥ് എന്നീ എട്ട് തീരദേശ ജില്ലകളിൽ ഇതുവരെ ഒരു ലക്ഷത്തോളം പേരെ താൽക്കാലിക അഭയ കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

# 'കേരളവുമായി സഹകരിക്കും'

## ക്യൂബൻ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തി മുഖ്യമന്ത്രി പിണറായി വിജയൻ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ ക്യൂബൻ പ്രസിഡന്റ് മിഗ്വേൽ ഡിയാസ് കാനലുമായി കൂടിക്കാഴ്ച നടത്തി. കായികം, ആരോഗ്യം, ബയോടെക്നോളജി ഉൾപ്പടെ വിവിധ മേഖലകളിൽ കേരളവുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് ക്യൂബൻ പ്രസിഡന്റ് ഉറപ്പു നൽകിയതായി മുഖ്യമന്ത്രി അറിയിച്ചു. സാമൂഹ്യ പുരോഗതിയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ മാതൃകാപരമാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റി ഉൾപ്പെടെ സർവകലാശാലകൾ തമ്മിലുള്ള സാങ്കേതിക ആശയവിനിമയവും സ്റ്റുഡന്റ് എക്സ്ചേഞ്ച് പരിപാടികളും ഉൾപ്പെടെ കേരളവുമായി സഹകരിക്കാൻ പറ്റുന്ന മേഖലകളെ സംബന്ധിച്ച് ക്യൂബൻ മന്ത്രിസഭയിൽ ചർച്ച ചെയ്യുമെന്ന് പ്രസിഡന്റ് പറഞ്ഞുവെന്നും മുഖ്യമന്ത്രി തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ പറയുന്നു. ഇന്ത്യ സന്ദർശിക്കുന്ന അടുത്ത അവസരത്തിൽ കേരളം സന്ദർശിക്കുമെന്നും അദ്ദേഹം പറഞ്ഞു.രണ്ടാം തവണയും ക്യൂബയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മിഗ്വേൽ ഡിയാസ് കനാലിന് മുഖ്യമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു. കേരളത്തിന് ക്യൂബയോടുള്ള ആഴത്തിലുള്ള മമതയും വിപ്ലവനായകന്മാരായ ഫിഡൽ കാസ്ട്രോയോടും ചെഗുവേരയോടുമുള്ള ആരാധനയും ക്യൂബൻ പ്രസിഡന്റിനെ



ക്യൂബൻ പ്രസിഡന്റ് മിഗ്വേൽ ഡിയാസ് കാനലുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തിയപ്പോൾ

അറിയിച്ചു. 1994ൽ അന്താരാഷ്ട്ര ക്യൂബൻ ഐക്യദാർഢ്യ സമ്മേളനത്തിനായി ഹവാന സന്ദർശിച്ച കാര്യവും ഓർത്തെടുത്തു.

വ്യാപാരം, വിദ്യാഭ്യാസം, കായികം, ആരോഗ്യസേവനം തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും സഹകരണത്തിന് സാധ്യതയുള്ളതെന്ന് കൂടിക്കാഴ്ചയിൽ പറഞ്ഞു. കായിക രംഗത്തെയും പൊതുജനാരോഗ്യ രംഗത്തെയും സഹകരണമാണ് കേരളം പ്രാഥമികമായി ലക്ഷ്യം വെക്കുന്നത്.പൊതുജനാരോഗ്യ രംഗത്തും, വൈദ്യശാസ്ത്ര ഗവേഷണ രംഗത്തും ക്യൂബ കൈവരിച്ച നേട്ടങ്ങൾ ലോകമെങ്ങും അംഗീകരിക്കപ്പെട്ടതാണ്. ബയോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽ രംഗത്തും വലിയ പുരോഗതി ക്യൂബ നേടിയിട്ടുണ്ട്. ഈ മേഖലകളിൽ കേരളവുമായി സഹകരണത്തിനുള്ള സാധ്യതകൾ വിശദീകരിച്ചു. ആരോഗ്യ വിദഗ്ധർക്കുള്ള പരിശീലന പരിപാടികൾ, ഗവേഷണ പരിപാടികൾ തുടങ്ങി ക്യൂബയുമായി ആരോഗ്യ മേഖലയിലെ സഹകരണത്തിനുള്ള സാധ്യതകൾ ധാരാളമാണ്. വോളീബോൾ, ജൂഡോ, ട്രാക്ക് ആൻഡ് ഫീൽഡ് മേഖലകളിൽ ക്യൂബയുണ്ടാക്കിയ അന്താരാഷ്ട്ര നേട്ടങ്ങൾ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്.

കേരളത്തിന്റെ കായിക രംഗത്ത് കുതിച്ചുചാട്ടമുണ്ടാക്കാൻ ഈ മേഖലകളിലെ സഹകരണം സഹായിക്കുമെന്ന് അറിയിച്ചു.കേരളത്തിന്റെ വ്യാപാര രംഗത്തും വിദ്യാഭ്യാസ മേഖലയിലും വലിയ മുന്നേറ്റങ്ങളുണ്ടാക്കാനാവശ്യമായ സഹകരണസാധ്യതകളും ചർച്ചയിലുയർന്നു. ഇതുവഴി സമഗ്രവും ഊഷ്മളവും ക്രിയാത്മകവുമായ ഒരു ബന്ധം വളർത്തിയെടുക്കാനാണ് കേരളം ശ്രമിക്കുന്നതെന്ന് പ്രതിനിധി സംഘത്തിലെ അംഗങ്ങൾ അറിയിക്കുകയുണ്ടായി. ഇതിനായി എല്ലാവിധ സഹകരണവും ക്യൂബൻ പ്രസിഡന്റ് ഉറപ്പുനൽകിയെന്നും മുഖ്യമന്ത്രി തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ പറഞ്ഞു.

## ബ്രിജ് ഭൂഷണിനെതിരേ തെളിവില്ല

# പോക്സോ റദ്ദാക്കണമെന്ന് പോലിസ്, കുറ്റപത്രം സമർപ്പിച്ചു

ന്യൂഡൽഹി: ഗുസ്തി താരങ്ങൾ നൽകിയ ലൈംഗിക പീഡന കേസിൽ ബി.ജെ.പി എം.പി ബ്രിജ് ഭൂഷണിനെതിരായ കുറ്റപത്രം സമർപ്പിച്ചു. കുറ്റപത്രത്തിൽ പോക്സോ കേസ് റദ്ദാക്കണമെന്ന് ഡൽഹി പോലിസ് പട്യാല ഹൗസ് കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സാഹചര്യത്തെളിവുകളുടെ അഭാവത്തിലാണ് പോക്സോ റദ്ദാക്കാൻ പോലിസ് അപേക്ഷ നൽകിയത്. കേസ് നാലിന് പരിഗണിക്കും.

'പോക്സോ വിഷയത്തിൽ, അന്വേഷണം പൂർത്തിയാക്കിയ ശേഷം, പരാതിക്കാരന്റെ അതായത് ഇരയുടെ പിതാവിന്റെയും ഇരയുടെയും മൊഴിയുടെ അടിസ്ഥാനത്തിൽ കേസ് റദ്ദാക്കാൻ അഭ്യർത്ഥിച്ച് 173 ക്രിമിനൽ നടപടി ചട്ട പ്രകാരം പോലിസ് റിപ്പോർട്ട് സമർപ്പിച്ചു,' ഡൽഹി പോലിസ് പ്രസ്താവനയിൽ വ്യക്തമാക്കി.

ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരായ സെക്ഷൻ 354, 354 എ, 354 ഡി ഐപിസി പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്. ഐപിസി 109/ 354/354 എ /506 സെക്ഷൻ പ്രകാരമുള്ള കുറ്റങ്ങളാണ് ഗുസ്തി ഫെഡറേഷൻ മുൻ അസിസ്റ്റന്റ് സെക്രട്ടറി വിനോദ് ടോമാറിനെതിരെ ചുമത്തിയിട്ടുള്ളത്. കുറ്റപത്രം സമർപ്പിക്കുന്നതിന് മുന്നോടിയായി ബ്രിജ് ഭൂഷണിന്റെ ഡൽഹിയിലെ വസതിക്ക് പുറത്ത് കനത്ത സുരക്ഷയാണ്



ഒരുക്കിയിരുന്നത്. പ്രതിയായ ബ്രിജ് ഭൂഷണിനെതിരെ 25 പേർ മൊഴി രേഖപ്പെടുത്തിയെന്നാണ് റിപ്പോർട്ടുകൾ. കഴിഞ്ഞ ദിവസം ഒരു വനിതാ ഗുസ്തി താരത്തെ ബ്രിജ് ഭൂഷണിന്റെ ഓഫീസിൽ എത്തിച്ച് തെളിവെടുത്തിരുന്നു.

ആറ് ഗുസ്തി താരങ്ങളുടെ പരാതിയിൽ ആയിരത്തി അഞ്ഞൂറോളം പേജുള്ള കുറ്റപത്രമാണ് ഡൽഹി പോലിസ് റോസ് അവന്യൂ കോടതിയിൽ സമർപ്പിച്ചിരിക്കുന്നത്. പ്രായപൂർത്തിയാകാത്ത താരം ഉന്നയിച്ച പരാതിക്ക് അടിസ്ഥാനമില്ലെന്നാണ് പോലിസ് വാദം. പെൺകുട്ടി മൊഴി പിൻവലിച്ചെന്നും പോലിസ് കോടതിയെ അറിയിച്ചു. ചാംപ്യൻഷിപ്പിൽ തോറ്റതിലുള്ള പ്രകോപനത്തിൽ ബ്രിജ് ഭൂഷണിനോടുള്ള ദേഷ്യം മൂലം പരാതി നൽകിയതാണെന്ന പെൺകുട്ടിയുടെ അച്ഛന്റെ മൊഴിയും വാദത്തിന് ബലം പകരാൻ പോലിസ് കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

പോക്സോ കേസ് റദ്ദായാൽ ബ്രിജ് ഭൂഷണിനെതിരായ കുറ്റത്തിന്റെ തീവ്രത കുറയും. മറ്റ് പരാതികളും കെട്ടിച്ചമച്ചതാണെന്ന വാദത്തിലേക്ക് എത്തിച്ചാൽ ബ്രിജ് ഭൂഷണിന് രക്ഷപ്പെടാം. അന്വേഷണത്തിൽ പോലിസിന്റെ നിലപാടാണ് അന്തിമമെന്ന് കേന്ദ്ര സർക്കാരും വ്യക്തമാക്കി കഴിഞ്ഞു. അതേസമയം ബ്രിജ് ഭൂഷണിനെ രക്ഷപ്പെടുത്തിയാൽ സമരം വീണ്ടും ശക്തമാക്കാനാണ് താരങ്ങളുടെ തീരുമാനം.

## ജമ്മുകശ്മീരിൽ പോലിസും സൈന്യവും നടത്തിയ സംയുക്ത ഓപറേഷനിൽ

# അഞ്ച് ഭീകരർ കൊല്ലപ്പെട്ടു

ശ്രീനഗർ: ജമ്മുകശ്മീരിൽ അഞ്ച് ഭീകരരെ വധിച്ചു. കുപ്വാര ജില്ലയിൽ സൈന്യവും പോലിസും സംയുക്തമായി നടത്തിയ ഓപറേഷനിലാണ് അഞ്ച് ഭീകരർ കൊല്ലപ്പെട്ടത്.

ജില്ലയിലെ നിയന്ത്രണരേഖക്കടുത്ത് ജുമാഗുണ്ട് മേഖലയിലാണ് ഏറ്റുമുട്ടലുണ്ടായതെന്ന് കശ്മീർ സോൺ പോലിസ് പറയുന്നു. രണ്ട് എ.കെ 47, നാല് മാഗസിനുകൾ, 48 വെടിയുണ്ടകൾ, നാല് ഹാൻഡ് ഗ്രനേഡുകൾ, സിഗരറ്റ് പാക്കുകൾ എന്നിവ സൈന്യം കണ്ടെടുത്തു.

13ന് കുപ്വാര ജില്ലയിലെ ഡോബനാർ മച്ചൽ പ്രദേശത്ത് സൈന്യത്തിന്റെയും കുപ്വാര പോലിസിന്റെയും സംയുക്ത ഓപറേഷനിൽ രണ്ട് തീവ്രവാദികളെ വധിച്ചിരുന്നു.

# സംസ്ഥാനത്തിന്റെ വാർഷിക വായ്പ വെട്ടിക്കുറയ്ക്കൽ: സുപ്രീംകോടതിയെ സമീപിക്കാനൊരുങ്ങി കേരളം

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ വാർഷിക വായ്പ വെട്ടിക്കുറയ്ക്കുന്നതിനെതിരേ സുപ്രീംകോടതിയെ സമീപിക്കാനൊരുങ്ങി കേരളം. മുൻ ധനമന്ത്രി ഡോ. തോമസ് ഐസക്ക് ഫേസ്ബുക്ക് കുറിപ്പിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. ഫിനാൻസ് കമ്മീഷൻ തീർപ്പു പ്രകാരം കേരളത്തിന് സംസ്ഥാന ജി.ഡി.പിയുടെ മൂന്ന് ശതമാനം വായ്പയെടുക്കാൻ അവകാശമുണ്ട്. പാർലമെന്റ് അംഗീകരിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ കേരളത്തിന് രണ്ട് ശതമാനം വായ്പയെടുക്കാനുള്ള അവകാശമേയുള്ളൂവെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്.വായ്പാ പരിധി വെട്ടിക്കുറക്കലിൽ കേന്ദ്രത്തിന് സംസ്ഥാനം കത്തയച്ചിരുന്നു. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയാണ് കത്തയച്ചത്. കത്തിനും കേന്ദ്ര അനുകൂല മറുപടി നൽകാത്തതോടെയാണ് സുപ്രീം കോടതിയെ സമീപിക്കാനൊരുങ്ങുന്നത്. ഈ സാമ്പത്തിക വർഷം കേരളത്തിന് എടുക്കാവുന്ന വായ്പയാണ് കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയത്. 32440 കോടി രൂപ വായ്പ പരിധി നിശ്ചയിച്ച് നൽകിയിരുന്നെങ്കിലും 15390 കോടി രൂപക്ക് മാത്രമാണ് അനുമതിയുള്ളത്. കിഫ്ബിയുടേയും പൊതുമേഖല സ്ഥാപനങ്ങളുടെയും വായ്പയുടെ പേരിലാണ് നടപടി. സംസ്ഥാനങ്ങൾക്ക് എടുക്കാവുന്ന വായ്പാ പരിധി ഓരോ സാമ്പത്തിക വർഷത്തിന്റേയും തുടക്കത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്നതാണ്.

### മോഷ്ടിച്ച ബൈക്കിൽ ഹെൽമെറ്റില്ലാതെ യാത്ര, പിഴ വന്നത് യഥാർത്ഥ ഉടമക്ക്

# കുപ്രസിദ്ധ മോഷ്ടാവിനെ കുടുക്കി എഐ ക്യാമറ

തിരുവനന്തപുരം: 35 വർഷത്തിനിടെ വിവിധ ജില്ലകളിൽ അമ്പതിലധികം മോഷണങ്ങൾ നടത്തിയ കുപ്രസിദ്ധ മോഷ്ടാവിനെ കുടുക്കി എഐ ക്യാമറ. ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയ ശേഷം നിരവധി മോഷണങ്ങൾ നടത്തിയ 53 കാരനെ കുടുക്കിയത് മോഷ്ടിച്ച സ്കൂട്ടറിൽ ഹെൽമെറ്റ് ഇല്ലാതെ യാത്ര ചെയ്തതിന്റെ ചിത്രം സഹിതമുള്ള ചെലാൻ യഥാർഥ ഉടമയ്ക്ക് ലഭിച്ചപ്പോൾ. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ പഞ്ചലോഹ വിഗ്രഹങ്ങൾ ഉൾപ്പെടെ അൻപതോളം മോ



ഷണ കേസുകളിൽ പ്രതിയായ തിരുവനന്തപുരം നെടുമങ്ങാട് വെമ്പായം കാരൂർക്കോണം ജൂബിലി വീട്ടിൽ ബിജു സെബാസ്റ്റ്യൻ (53) നെയാണ് കീഴ്‌വായ്പൂർ പോലിസ് പിടികൂടിയത്. വിവിധ കേസുകളിലായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവു ശിക്ഷ കഴിഞ്ഞ് മാർച്ചിൽ ഇറങ്ങിയ ബിജു മാർച്ച് 26ന് വെമ്പായത്തുനിന്ന് മോട്ടോർ സൈക്കിളും 27ന് അടൂരിൽ നിന്ന് സൈലോ കാറും മോഷ്ടിച്ചിരുന്നു. 28ന് മല്ലപ്പള്ളിയിലെ സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരിയെ ഉപദ്രവിച്ച ശേഷം രണ്ടര പവൻ വരുന്ന മാല മോഷ്ടിച്ചു. പിന്നാലെ മല്ലപ്പള്ളി മാലുങ്കലുള്ള വീട് കുത്തിത്തുറന്ന് മോഷണ ശ്രമം നടത്തി. ഏപ്രിൽ ആറിന് ഏറ്റുമാനൂരിൽ നിന്ന് മോട്ടോർ സൈക്കിൾ മോഷ്ടിച്ചു. മല്ലപ്പള്ളി ആനിക്കാട് റോഡിലെ കെ മാർട്ട് എന്ന സൂപ്പർ മാർക്കറ്റിന്റെ ഗ്ലാസ് തകർത്ത് 31,500 രൂപയും സ്കൂട്ടറും മോഷ്ടിച്ചു. അടുത്ത ദിവസം രാവിലെ മോഷ്ടിച്ച വാഹനത്തിൽ തിരുവനന്തപുരത്ത് പാങ്ങോട് ഭാഗത്ത് ഹെൽമെറ്റ് വെക്കാതെ ഇയാൾ സ്കൂട്ടർ ഓടിക്കുന്ന ചിത്രം സഹിതം വാഹനത്തിന്റെ യഥാർഥ ഉടമയുടെ ഫോണിൽ പിഴ അടയ്ക്കാൻ മെസ്സേജ് വന്നതോടെയാണ് പ്രതിയെ പോലിസിന് തിരിച്ചറിയാൻ സഹായകമായത്. ഒരു കോടി രൂപയിലധികം വിലമതിക്കുന്ന പഞ്ചലോഹ വിഗ്രഹം തിരുവനന്തപുരത്ത് മോഷ്ടിച്ച കേസിലെ മുഖ്യ കണ്ണിയാണ് ഇയാൾ. മൊബൈൽ ഫോൺ ഉപയോഗിക്കുകയോ സ്ഥിരമായി ഒരു സ്ഥലത്ത് താമസിക്കുകയോ ചെയ്യാത്ത പ്രതിയെ രണ്ടുമാസത്തെ പരിശ്രമത്തിനൊടുവിലാണ് പിടികൂടിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

### ക്രൈസ്തവർക്കെതിരേ നടക്കുന്ന പീഡനങ്ങൾ അവസാനിപ്പിക്കാൻ ഇടപെടണം

# പ്രധാനമന്ത്രിക്ക് സുധാകരന്റെ കത്ത്

തിരുവനന്തപുരം: ഉത്തർപ്രദേശ് ഉൾപ്പെടെ ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്കെതിരേ നടക്കുന്ന കടുത്ത പീഡനങ്ങൾ അവസാനിപ്പിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ പ്രധാനമന്ത്രിക്ക് കത്തുനൽകി. ബി.ജെ.പി ഭരണത്തിലുള്ള സംസ്ഥാനങ്ങളിൽ നടക്കുന്ന ക്രൈസ്തവ വേട്ടയെ കുറിച്ച് പഠിക്കാൻ കെ.പി.സി.സി നിയോഗിച്ചത് പത്തനംതിട്ട ഡി.സി.സി വൈസ് പ്രസിഡന്റ് അഡ്വ. അനിൽ തോമസിനെയാണ്. യു.പി.യിലെ അംബേദ്കർ നഗർ, ഫത്തേപൂർ എന്നീ ജില്ലാ ജയിലുകളിൽ അടക്കപ്പെട്ട അഞ്ച് മല




യാളി പാസ്റ്റർമാരിൽ പത്തനംതിട്ട സ്വദേശി പാസ്റ്റർ ജോസ് പാപ്പച്ചനെയും ഭാര്യ ഷീജയേയും തിരുവനന്തപുരം കൊടിക്കുന്നിൽ സ്വദേശി പാസ്റ്റർ ജോസ്പ്രകാശിനെയും സന്ദർശിച്ചാണ് അദ്ദേഹം റിപ്പോർട്ട് തയ്യാറാക്കിയത്. വ്യാജക്കേസിൽ കുടുക്കി ജയിലിലിലടയ്ക്കപ്പെട്ട ഇവർക്ക് മാസങ്ങളായി ജാമ്യം എടുക്കാനാകുന്നില്ല. ഞെട്ടിപ്പിക്കുന്ന കേരള സ്റ്റോറിയാണ് റിപ്പോർട്ടിൽ കാണാനായതെന്ന് സുധാകരൻ പറഞ്ഞു. ജയിലിൽ കഴിയുന്നവർക്ക് ആവശ്യമായ സഹായവും അവരുടെ കുടുംബങ്ങൾക്ക് സംരക്ഷണവും ഉറപ്പാക്കാൻ അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റിയോട് കെ.പി.സി.സി അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ജയിലിൽ കഴിയുന്ന നിരപരാധികളുടെ മോചനത്തിന് ആവശ്യമായ നിയമസഹായം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കെ.പി.സി.സി പിന്തുണ നൽകുമെന്നും സുധാകരൻ പറഞ്ഞു.

# തിരുവനന്തപുരം മൃഗശാലയിലെ താരങ്ങളാകാൻ ലിയോയും നൈലയും എത്തി

തിരുവനന്തപുരം: മൃഗശാലയിൽ പുതിയ അതിഥികളായെത്തിയ രണ്ട് സിംഹങ്ങളെ പേര് ചൊല്ലി വിളിച്ച് തുറന്നുവിട്ടു. അഞ്ച് വയസ്സുള്ള ആൺസിംഹത്തിന് ലിയോ എന്നും ആറു വയസ്സുള്ള പെൺസിംഹത്തിന് നൈല എന്നും പേര് നൽകി. മൃഗസംരക്ഷണ-ക്ഷീരവികസന മന്ത്രി ജെ.ചിഞ്ചുറാണിയാണ് പേരിടൽ കർമ്മം നിർവ്വഹിച്ചത്.

തിരുപ്പതി ശ്രീ വെങ്കടേശ്വര സുവോളജിക്കൽ പാർക്കിൽ നിന്ന് ഈ മാസം അഞ്ചാം തിയതിയാണ് രണ്ട് സിംഹങ്ങളേയും തിരുവനന്തപുരത്തെത്തിച്ചത്. തിരുവനന്തപുരത്തെത്തിക്കാനായി മൂന്ന് മാസക്കാലം ക്വാറന്റൈൻ പൂർത്തിയാക്കി എത്തിച്ച ലിയോയുടെയും നൈലയുടെയും ആരോഗ്യനില തൃപ്തികരമാണ്. മൃഗശാലയിൽ 20 ദിവസം കൂടി ക്വാറന്റൈൻ കാലം പൂർത്തീകരിക്കാനുണ്ട്. അടുത്തടുത്ത, തുറസ്സായ രണ്ട് ഇടങ്ങളിൽ കഴിയുന്ന സിംഹങ്ങൾ കുട്ടികളുൾപ്പെടെയുള്ള കാഴ്ചക്കാർക്ക് പുത്തൻ അനുഭവമായിരിക്കുമെന്നും മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു.





1.തിരുവനന്തപുരം മൃഗശാലയിൽ തുറന്നുവിട്ട ആൺസിംഹം ലിയോയും പെൺസിംഹം നൈലയും 2. സിംഹങ്ങളുടെ പേരിടൽ കർമം നിർവഹിച്ചതിനുശേഷം മന്ത്രി ജെ.ചിഞ്ചുറാണി അഭിവാദ്യം ചെയ്യുന്നു

## സ്ത്രീത്വത്തെ അപമാനിച്ച കേസ്; ഉണ്ണിമുകുന്ദനെതിരായ തുടർ നടപടികൾ സ്റ്റേ ചെയ്ത് ഹൈക്കോടതി



കൊച്ചി: സ്ത്രീത്വത്തെ അപമാനിച്ച കേസിൽ നടൻ ഉണ്ണി മുകുന്ദനെതിരായ തുടർ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തു. കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഉണ്ണി മുകുന്ദൻ നൽകിയ ഹർജിയിലാണ് നടപടി. പരാതിക്കാരിയുമായി ഒത്തുതീർപ്പായെന്ന് ഉണ്ണി മുകുന്ദൻ കോടതിയെ അറിയിച്ചു. കേസിൽ കോടതി നേരത്തെ പരാതിക്കാരിയുടെ രഹസ്യമൊഴി രേഖപ്പെടുത്തിയിരുന്നു. വിചാരണ പുരോഗമിക്കുന്നതിനിടെയാണ് കേസ് റദ്ദാക്കാൻ ഉണ്ണി മുകുന്ദൻ ഹൈക്കോടതിയെ സമീപിച്ചത്. നേരത്തെയും പരാതിക്കാരിയുമായി ഒത്തുതീർപ്പായെന്ന് ഉണ്ണി മുകുന്ദൻ അറിയിച്ചതിനെ തുടർന്ന് തുടർ നടപടികൾ സ്റ്റേ ചെയ്തിരുന്നു. ഫെബ്രുവരിയിൽ കേസ് വീണ്ടും പരിഗണിച്ചപ്പോൾ താൻ കരാറിൽ ഒപ്പിട്ടില്ലെന്നും രേഖ വ്യാജമാണെന്നും പരാതിക്കാരി അറിയിച്ചതിനെ തുടർന്ന് കേസ് റദ്ദാക്കണമെന്ന നടന്റെ ഹർജി കോടതി തള്ളി. ഇപ്പോൾ വീണ്ടും പരാതിക്കാരിയുമായി ഒത്തുതീർപ്പായെന്ന് അറിയിച്ചതോടെയാണ് തുടർ നടപടികൾ വീണ്ടും സ്റ്റേ ചെയ്തിരിക്കുന്നത്.

## കാട്ടാക്കട കോളേജിലെ ആൾമാറാട്ടം: പ്രിൻസിപ്പാൾ ഷൈജുവിന് ജാമ്യമില്ല

തിരുവനന്തപുരം: കേരള സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആൾമാറാട്ടം നടത്തിയെന്ന കേസിൽ കാട്ടാക്കട ക്രിസ്ത്യൻ കോളേജ് മുൻ പ്രിൻസിപ്പാൾ ഷൈജുവിന്റെ മുൻകൂർ ജാമ്യാപേക്ഷ തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതി തള്ളി. പ്രതി നടത്തിയ കുറ്റം അവഗണിക്കാൻ കഴിയില്ലെന്ന പ്രോസിക്യൂഷൻ വാദം പരിഗണിച്ചാണ് നടപടി. കോളേജ് പ്രിൻസിപ്പാൾ എന്ന നിലയിൽ ചെയ്യേണ്ട സർവകലാശാല ചട്ടങ്ങൾ നടപ്പാക്കുക മാത്രമാണ് ചെയ്തതെന്നായിരുന്നു പ്രതിഭാഗത്തിന്റെ വാദം. കേസിലെ രണ്ടാം പ്രതിയും ഒന്നാം വർഷ ഡിഗ്രി വിദ്യാർഥിയുമായ വിശാഖിനെ ഈ മാസം 20 വരെ അറസ്റ്റ് ചെയ്യരുതെന്ന് ഇന്നലെ ഹൈക്കോടതി നിർദേശിച്ചിരുന്നു. സർവകലാശാല രജിസ്ട്രാർ സംസ്ഥാന പോലിസ് മേധാവിക്ക് നൽകിയ പരാതിയിലാണ് കേസെടുത്തത്.

# ഗോൾഡൻ ഗ്ലോബ് പുതിയ നേതൃത്വത്തിന്; ഹോളിവുഡ് ഫോറിൻ പ്രസ് പിരിച്ചുവിട്ടു

ന്യൂയോർക്ക്: തുടർച്ചയായ അഴിമതി, വംശീയ വിവേചനം എന്നീ ആരോപണങ്ങളെ തുടർന്ന് ഗോൾഡൻ ഗ്ലോബ് വിറ്റ്, ഹോളിവുഡ് ഫോറിൻ പ്രസ് അസോസിയേഷൻ (എച്ച്.പി.എഫ്.എ). ലോകപ്രശസ്തമായ ഗോൾഡൻ ഗ്ലോബ് പുരസ്കാരം സ്ഥാപിച്ചത് വിനോദമേഖലയിലെ മാധ്യമപ്രവർത്തകരുടെ സന്നദ്ധ സംഘടനയായ ഹോളിവുഡ് ഫോറിൻ പ്രസ് അസോസിയേഷനാണ്. നൂറോളം വരുന്ന വിനോദ മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയായ എച്ച്.പി.എഫ്.എ കഴിഞ്ഞ എട്ട് പതിറ്റാണ്ടുകളായി ചലച്ചിത്ര-ടെലിവിഷൻ മേഖലയിലെ മികച്ച പ്രതിഭകളെ കണ്ടെത്തി പുരസ്കാരം നൽകി വരികയായിരുന്നു. എന്നാൽ അടുത്തിടെയായി അസോസിയേഷൻ തുടർച്ചയായി വിവാദങ്ങളിലായിരുന്നു.എൽഡ്രിഡ്ജ് ഇൻഡ



സ്ട്രീസ് ചെയർമാൻ ടോഡ് ബോഹ്ലി ഡിക്ക് ക്ലാർക്ക് പ്രൊഡക്ഷൻസുമായി ചേർന്ന് കൊണ്ടാണ് ഗോൾഡേൻ ഗ്ലോബ് ഏറ്റെടുത്തിരിക്കുന്നത്. എൽഡ്രിഡ്ജിന്റെയും പെൻസ്കെ മീഡിയയുടെയും ഉടമസ്ഥതയിലുള്ള കമ്പനിയാണ് ഡിക്ക് ക്ലാർക്ക് പ്രൊഡക്ഷൻസ്. ഗോൾഡൻ ഗ്ലോബ് ഏറ്റെടുത്തതിന് ശേഷം, പുരസ്കാര ചടങ്ങുകൾ സംപ്രക്ഷേണം ചെയ്യുന്നത് തുടരുകയും ലോകമെമ്പാടുമുള്ള ഗ്ലോബ്സിന്റെ വ്യൂവർഷിപ്പ് വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുമെന്നും കമ്പനി വ്യക്തമാക്കി, നയങ്ങളിലും മാറ്റം വരുത്തി. നിലവിലെ ഹോളിവുഡ് ഫോറിൻ പ്രസ് അസോസിയേഷനിലെ ജീവനക്കാരെ നിലനിർത്താനാണ് കമ്പനികളുടെ തീരുമാനം. പുനഃക്രമീകരണത്തിന്റെ ഭാഗമായി നിലവിലെ അംഗങ്ങൾക്ക് ശമ്പളത്തോട് കൂടി സംഘടനയിൽ സേവനം അനുഷ്ഠിക്കാം, കൂടാതെ ഇപ്പോഴുള്ള 310 വോട്ടർ അംഗങ്ങൾക്കും ജനുവരി 2024 ൽ നടക്കാനിരിക്കുന്ന ഗോൾഡൻ ഗ്ലോബിന് വോട്ട് രേഖപ്പെടുത്താമെന്നും കമ്പനിയുടെ വക്താവ് വ്യക്തമാക്കിയിട്ടുണ്ട്. അസോസിയേഷന്റെ വോട്ടർമാരിൽ കറുത്ത വർഗക്കാരുടെ അസാന്നിദ്ധ്യം വംശീയ വിവേചനത്തിനുള്ള കാരണമായി മാറി. സംഘടനയിലെ ചില അംഗങ്ങൾ ലൈംഗികവും വംശീയവുമായ പരാമർശങ്ങൾ നടത്തിയതായും ചിലർ താരങ്ങളിൽ നിന്നും സിനിമാ സ്റ്റുഡിയോകളിൽ നിന്നും പല സഹായങ്ങളും സ്വീകരിച്ചതായും ആരോപണങ്ങൾ ഉയർന്നിരുന്നു. ഇതേതുടർന്ന് കഴിഞ്ഞ വർഷം യു.എസ് ടെലിവിഷൻ നെറ്റ്‌വർക്കായ എൻ.ബി.സി ഗോൾഡൻ ഗ്ലോബിന്റെ പ്രക്ഷേപണത്തിൽ നിന്ന് പിന്മാറിയത് എച്ച്.പി.എഫ്.എയ്ക്ക് വലിയ തിരിച്ചടിയായി. ആരോപണങ്ങളോട് പ്രതികരിച്ച് എച്ച്.പി.എഫ്.എ അംഗത്വം വിപുലീകരിച്ചു, പുതിയ നയങ്ങളും സ്വീകരിച്ചു, എന്നിട്ടും തിരിച്ച് വരവ് സാധ്യമാകാതെ സാഹചര്യത്തിലാണ് അസോസിയേഷൻ പിരിച്ചുവിട്ടത്.

# 'ക്രമസമാധാനനില പൂർണമായും തകർന്നു'

### മണിപ്പൂരിലെ തന്റെ വീടിന് തീയിട്ടതിൽ പ്രതികരണവുമായി കേന്ദ്രമന്ത്രി ആർ.കെ രഞ്ജൻ സിങ്

കൊച്ചി: മണിപ്പൂരിലെ ക്രമസമാധാന നില പൂർണമായും തകർന്നതായി കേന്ദ്ര വിദേശകാര്യ സഹമന്ത്രി ആർ.കെ രഞ്ജൻ സിങ്. ഇംഫാലിൽ ജനക്കൂട്ടം തന്റെ വീട് തകർക്കുകയും തീയിടുകയും ചെയ്തതിന് പിന്നാലെയാണ് കേന്ദ്ര മന്ത്രിയുടെ പ്രതികരണം. എന്തുകൊണ്ടാണ് തന്റെ വീടിന് നേരെ ആക്രമണം ഉണ്ടായതെന്ന് മനസിലാകുന്നില്ലെന്നും ആർ.കെ രഞ്ജൻ സിങ് പറഞ്ഞു.'ഞാൻ ഞെട്ടിപ്പോയി. മണിപ്പൂരിലെ ക്രമസമാധാന നില പൂർണമായും പരാജയപ്പെട്ടു'- ആർ.കെ രഞ്ജൻ സിങ് വാർത്താ ഏജൻസിയായ എ.എൻ.ഐയോട് പറഞ്ഞു.



ഞാൻ ഇപ്പോൾ ഔദ്യോഗിക ജോലികൾക്കായി കേരളത്തിലാണ്. ഭാഗ്യവശാൽ, ഇന്നലെ രാത്രി എന്റെ ഇംഫാലിലെ വീടിന് കലാപകാരികൾ തീയിട്ടപ്പോൾ ആർക്കും പരുക്ക് പറ്റിയിരുന്നില്ല. അക്രമികൾ പെട്രോൾ ബോംബുകളുമായാണ് വന്നത്. എന്റെ വീടിന്റെ താഴത്തെ നിലയ്ക്കും ഒന്നാം നിലയ്ക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്"- കേന്ദ്ര മന്ത്രി പറഞ്ഞു. എന്റെ മാതൃരാജ്യത്ത് എന്താണ് സംഭവിക്കുന്നതെന്ന് കാണുമ്പോൾ വളരെ സങ്കടമുണ്ട്. ഇത്തരത്തിലുള്ള അക്രമങ്ങളിൽ ഏർപ്പെടുന്നവർ തീർത്തും മനുഷ്യത്വരഹിതരാണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ദിവസം, ഇംഫാൽ താഴ്‌വരയിൽ സുരക്ഷാസേനയും അക്രമികളും ഏറ്റുമുട്ടിയതോടെയാണ് അക്രമം പൊട്ടിപ്പുറപ്പെട്ടത്. നിരവധി വീടുകൾക്കാണ് അക്രമികൾ തീയിട്ടത്. ന്യൂ ചെക്കോണിൽ അക്രമി സംഘങ്ങളെ പിരിച്ചുവിടാൻ സൈന്യം ഗ്യാസ് ഷെല്ലുകളാണ് പ്രയോഗിച്ചത്. അതിന് മുൻപ്, കാങ്പോക്പി ജില്ലയിലുണ്ടായ തീവയ്പ്പിലും വെടിവയ്പ്പിലും ഒൻപതുപേർ കൊല്ലപ്പെട്ടിരുന്നു. നേരത്തെ, വ്യവസായ വകുപ്പ് മന്ത്രി നെംചകിപ്ജിന്റെ പടിഞ്ഞാറൻ ഇംഫാലിലുള്ള വസതിയും കലാപകാരികൾ അക്രമത്തിനിരയാക്കിയിരുന്നു. തീവയ്പുണ്ടായ സമയത്ത് മന്ത്രി വീട്ടിലുണ്ടായിരുന്നില്ല. വംശീയ കലാപത്തിൽ സംസ്ഥാനത്ത് ഇതിനോടകം നൂറിലധികം പേർക്ക് ജീവൻ നഷ്ടപ്പെടുകയും നിരവധിപേർക്ക് പരുക്കേൽക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സമാധാനം പുനഃസ്ഥാപിക്കാനായി സൈന്യത്തെയും അർധ സൈനികരെയും വിന്യസിച്ചിട്ടുണ്ടെങ്കിലും കലാപത്തെ അമർച്ചചെയ്യാൻ കേന്ദ്ര സർക്കാരിന് ഇതുവരെയും കഴിഞ്ഞിട്ടില്ല.

### വനിതാ പോലിസിനെ ലൈംഗികമായി പീഡിപ്പിച്ചു

# തമിഴ്നാട് മുൻ സ്പെഷ്യൽ ഡി.ജി.പിക്ക് മൂന്ന് വർഷം തടവ്

ചെന്നൈ: ഡ്യൂട്ടിയിലിരിക്കെ വനിതാ പോലിസ് ഉദ്യോഗസ്ഥയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ തമിഴ്നാട് മുൻ ഐ.പി.എസ് ഓഫിസർക്ക് തടവ് ശിക്ഷ. വില്ലുപുരം കോടതിയാണ് സ്പെഷ്യൽ ഡി.ജി.പിയായിരുന്ന രാജേഷ് ദാസിനെ മൂന്ന് വർഷത്തെ തടവ് ശിക്ഷയ്ക്ക് വിധിച്ചത്. കൂടെ 10,000 രൂപ പിഴയും ചുമത്തി. രാജേഷ് ദാസിനെതിരേ പരാതി നൽകുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ച ചെങ്കൽപേട്ട് എസ്.പി ഡി കണ്ണന് 500 രൂപ പിഴയും കോടതി ചുമത്തി. ഉദ്യോഗസ്ഥയുടെ പരാതിക്ക് പിന്നാലെ സസ്പെൻഷനിലായ രാജേഷ് ദാസിനെതിരേ ക്രൈംബ്രാഞ്ച് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെന്റ്



രാജേഷ് ദാസ്

കേസെടുത്തിരുന്നു. ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം സ്ത്രീകളുടെ ആത്മാഭിമാനത്തിന് നേരെയുള്ള അതിക്രമം, തമിഴ്നാട് സ്ത്രീപീഡന നിരോധന നിയമം എന്നിവ പ്രകാരമായിരുന്നു കേസെടുത്തത്. 2021ൽ ഡ്യൂട്ടിയിലിരിക്കെ വനിതാ ഐ.പി.എസ് ഉദ്യോഗസ്ഥയെ ലൈംഗികമായി പീഡിപ്പിച്ചെന്നാണ് പരാതി. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എടപ്പാടി പളനി സ്വാമിയുടെ തെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ സുരക്ഷയൊരുക്കുന്നതിനിടെയാണ് സംഭവം. ഫെബ്രുവരി 21ന് രാജേഷ് ദാസ് തന്റെ വാഹനത്തിൽ വച്ച് ലൈംഗികമായി പീഡിപ്പിച്ചെന്നാണ് വനിതാ ഉദ്യോഗസ്ഥയുടെ പരാതി. മുൻ സ്പെഷ്യൽ ഡി.ജി.പിക്കെതിരായ ലൈംഗിക പീഡന കേസിലും, പരാതിപ്പെടുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ എസ്.പി നടത്തിയ ഇടപെടലിലും മദ്രാസ് ഹൈക്കോടതി ഞെട്ടൽ രേഖപ്പെടുത്തി. പിന്നാലെ ഹൈക്കോടതി മേൽനോട്ടത്തിൽ അന്വേഷണം നിരീക്ഷിക്കുമെന്നും കോടതി ഉത്തരവിട്ടു.



പള്ളൂർ നോർത്ത് ഗവ.എൽ.പി സ്കൂളിലെ പ്രവേശനോത്സവത്തിൽനിന്ന്

# മാന്തോട്ടം ഒരുക്കി, ആടിയും പാടിയും ആഗമനം ആഘോഷമാക്കി കുരുന്നുകൾ

മാഹി: വിദ്യാലയാങ്കണത്തിൽ മധുര മാമ്പഴക്കാലം സൃഷ്ടിക്കാൻ ഒരുങ്ങുകയാണ് പള്ളൂർ നോർത്ത് ഗവ. എൽ.പി സ്കൂളിലെ കൊച്ചു വിദ്യാർഥികൾ. പൂർവ്വ അധ്യാപകരുടെ സഹായത്തോടെ സ്കൂൾ പി.ടി.എ ഒരുക്കിയ മാവിൻ തൈകൾ നട്ടുകൊണ്ടാണ് അവർ പുതിയ അധ്യായന വർഷത്തിന് തുടക്കമിട്ടത്. രക്ഷിതാക്കൾക്കും ഇത് കൗതുകമായി. മല്ലിക അൽഫോൻസ, നീലം സിന്ദൂരം, ബംഗനപ്പള്ളി ഇനത്തിൽപ്പെട്ട മാവുകളാണ് കുട്ടികൾ നട്ടത്. സ്കൂളിലെ മുൻ പ്രധാന അധ്യാപകൻ പി.ശശികുമാർ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. പ്രഥമാധ്യാപകന്റെ ചുമതല വഹിക്കുന്ന ടി.പി ഷൈജിത്ത്, പി.ടി.എ അധ്യക്ഷൻ സി.സജീന്ദ്രൻ, പി.ഗീത, യു. ദിസിന, പി.ടി മുഹസിന എന്നിവർ സംസാരിച്ചു. 2013ലെ എസ്.എസ്.എൽ.സി കൂട്ടായ്മ സ്കൂളിന് പോർട്ടബിൾ സൗണ്ട് സിസ്റ്റം സമ്മാനിച്ചു. പള്ളൂരിലെ ബാർകോഡ് ടെക്നോളജിയുടെ സഹകരണത്തോടെ മുഴുവൻ കുട്ടികൾക്കും പഠനോപകരണങ്ങളും വിതരണം ചെയ്തു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി. വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങുന്ന കാലത്തോളം മാന്തോട്ടത്തിന്റെ പരിപാലനം സ്വയം ഏറ്റെടുക്കുമെന്ന് കുട്ടികൾ പ്രതിജ്ഞ ചെയ്തു. അവർ ആർജിക്കുന്ന അറിവിന്റെ പ്രതീകമായി ആ മാവിൻ തൈകളും വളരും. തളിരണിഞ്ഞ്, പൂങ്കുല ചൂടി തേൻകനികൾ വിളയിക്കും. അതോടൊപ്പം അവരുടെ പ്രതീക്ഷകളും പൂവണിയട്ടെയെന്ന് ഉദ്ഘാടകനായ ശശികുമാർ മാസ്റ്റർ പറഞ്ഞു.

# രാജ്ഭവനിലേക്ക് യൂത്ത് കോൺഗ്രസ്-എസ് യുവജന മാർച്ചും യുവജ്യോതി സംഗമവും സംഘടിപ്പിച്ചു

തിരുവനന്തപുരം: ഭരണഘടനയേയും ഭരണഘടന മൂല്യങ്ങൾക്കും ഫെഡറൽ സമ്പ്രദായത്തിനും എതിരായി കേന്ദ്രം നടത്തുന്ന യുദ്ധസന്നാഹമാണ് ഇന്ന് നാട്ടിൽ കാണുന്നതെന്ന് കോൺഗ്രസ്-എസ് സംസ്ഥാന പ്രസിഡന്റ് രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ പറഞ്ഞു. യൂത്ത് കോൺഗ്രസ്-എസ് സംസ്ഥാന കമ്മിയുടെ നേതൃത്വത്തിൽ രാജ്ഭവനിലേക്ക് കേന്ദ്ര സർക്കാരിന്റെ കേരള വിരുദ്ധ, ദേശദ്രോഹ, യുവജന വഞ്ചന നയങ്ങൾക്കെതിരേ നടത്തിയ യുവജന മാർച്ചും യുവജ്യോതി സംഗമവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.യൂത്ത് കോൺഗ്രസ്-എസ് സംസ്ഥാന പ്രസിഡന്റ് സന്തോഷ് കാലായുടെ അധ്യക്ഷതയിൽ രാജ്ഭവനിൽ നടന്ന യുവ ജ്യോതി സംഗമത്തിൽ പാർട്ടി നേതാക്കളായ പാളയം രാജൻ, മാത്യുസ് കോലംഞ്ചേരി, ഐ. ഷിഹബുദിൻ , സന്തോഷ്ലാൽ, വെങ്ങയിൽ ഷംസുദ്ദിൻ, കിളിമാനൂർ പ്രസന്നകുമാർ , അഡ്വ. താണു പ്രസാദ്, അഡ്വ. ആർ.കെ കൃഷ്ണകുമാർ , പി.കെ വിനോദ്, സജി നൈനാൻ , പട്ടം കൃഷ്ണകുമാർ , രജേഷ് മാത്യു, റെനിഷ് മാത്യു തുടങ്ങിയവർ സംസാരിച്ചു.യൂത്ത് കോൺഗ്രസ്-എസ് സംസ്ഥാന-ജില്ലാ നേതാക്കളായ സന്തോഷ് കാലാ, അഡ്വ. ജി.ആർ രാജിവ്കുമാർ, പോൾസൺ സി. പീറ്റർ, എൻ.സി.ടി ഗോപി കൃഷ്ണൻ, കെ.എ നാസർ, അഷറഫ് പലോത്തറ, രജിത്ത് വള്ളി, മോഹനൻ അരിക്കോട്, മുഹമ്മദ് റഫീഖ് പാലക്കാട്, റഫിക്ക്, ഷെമീർഷാ, സുനിൽ റാന്നി, മനോജ്, അജേഷ് കുമാർ മലപ്പുറം എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. മ്യൂസിയം പോലിസ് സ്റ്റേഷൻ പടിക്കൽ നിന്നാരംഭിച്ച യുവജന മാർച്ച് രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ, യൂത്ത് കോൺഗ്രസ്-എസ് സംസ്ഥാന പ്രസിഡന്റ് സന്തോഷ് കാലാക്ക് പാർട്ടി പതാക നൽകിയാണ് ഫ്ളാഗ് ഓഫ് ചെയ്തത്.



യൂത്ത് കോൺഗ്രസ്-എസിന്റെ യുവജന മാർച്ചും യുവജ്യോതി സംഗമവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ

# ബിസിനസുകാരന്റെ പണവും കാറും തട്ടിയ ഹണിട്രാപ്പ് സംഘം പിടിയിൽ




തലശ്ശേരി: യുവതികളെ പ്രദർശിപ്പിച്ച് ബിസിനസുകാരനെ വിളിച്ചുവരുത്തി പണവും കാറും തട്ടിയ ഹണിട്രാപ്പ് സംഘത്തെ തലശ്ശേരി പോലിസ് പിടികൂടി. റെയിൽവേ സ്റ്റേഷൻ പരിസരത്തെ ലോട്ടസിനടുത്ത നടമ്മൽ ജിതിൻ (25), ജിതിന്റെ ഭാര്യ മുഴപ്പിലങ്ങാട് സ്വദേശിനി ശ്രീലക്ഷ്മിയിൽ അശ്വതി (19), കതിരൂർ വേറ്റുമ്മലിലെ കേളോത്ത് വീട്ടിൽ കെ. സുബൈർ (33), മൊകേരി മുത്താറിപ്പിടികയിലെ കണ്ണച്ചാം കണ്ടി വീട്ടിൽ ഷഫ്നാസ് (29) എന്നിവരാണ് പിടിയിലായത്. സുബൈർ നിലവിൽ വാടകക്ക് താമസിക്കുന്ന കോടിയേരി ഇടയിൽ പീടികക്കടുത്ത് വച്ചാണ് ഇന്ന് പുലർച്ചെ മൂന്നോടെ നാലംഗ സംഘം പിടിയിലായത്. ഹണിട്രാപ്പിലൂടെ ഇവർ കൈക്കലാക്കിയ പണവും കാറും പോലിസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പ്രതികളെ ചോദ്യം ചെയ്തുവരികയാണ്. കണ്ണൂർ ചിറക്കൽ സ്വദേശിയായ ഒരു ബിസിനസുകാരന്റേതാണ് കാറും പണവും. യുവതികളെ പ്രദർശിപ്പിച്ച് ഇയാളെ ഇന്നലെ വൈകീട്ട് തലശ്ശേരിയിലേക്ക് വിളിച്ചുവരുത്തിയാണ് പെൺകെണിയിൽ വീഴ്ത്തിയത്. ആദ്യം ഓട്ടോയിൽ കയറ്റിയും പിന്നീട് ഇയാളുടെ തന്നെ കാറിലും യുവതികളുമായി ചുറ്റിയ ശേഷം മർദിച്ച് മമ്പറത്ത് ഇറക്കിവിട്ട് കാറുമായി കടക്കുകയായിരുന്നു. രാത്രി ഏഴോടെ ബിസിനസുകാരൻ തലശ്ശേരി പോലിസിൽ പരാതിപ്പെട്ടു. പറകെ പോലിസ് സംഘം പുലർച്ചയോടെ ഭർതൃമതിയടക്കം നാല് പേരെയും കസ്റ്റഡിയിലെടുക്കുകയായിരുന്നു. ഹണിട്രാപ്പ് സംഘത്തിൽ ഒരു യുവതി കൂടി ഉള്ളതായി വിവരമുണ്ട്. രണ്ട് മാസം മുൻപ് വീട്ടിൽ സൂക്ഷിച്ച ബോംബ് ലഹരിപ്പുറത്ത് കിടപ്പുമുറിയിലെ ഫാനിൽ എറിഞ്ഞു പൊട്ടിച്ച സംഭവത്തിലെ പ്രതിയാണ് ജിതിൻ.




മാഹി ജെ.എൻ.ജി ഹയർസെക്കൻഡറി സ്കൂൾ ഗവ. ഗേൾസ് ഹൈസ്കൂൾ അലുംനി മീറ്റിന്റെ ലോഗോ, പുഴയോര നടപ്പാതയിൽ പുതുച്ചേരി മുൻ ആഭ്യന്തര മന്ത്രി ഇ. വത്സരാജ് പ്രകാശനം ചെയ്യുന്നു




തൃക്കുളം അമ്പലപ്പടി സി.എം.പി ബ്രാഞ്ച് സമ്മേളനം സംസ്ഥാന സെക്രട്ടറി കൃഷ്ണൻ കോട്ടുമല ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# സി.എം.പി 11ാം പാർട്ടി കോൺഗ്രസിനോടനുബന്ധിച്ചുള്ള ബ്രാഞ്ച് സമ്മേളനങ്ങൾക്ക് തുടക്കമായി

തിരൂരങ്ങാടി: 2024 ജനുവരി 28, 29, 30 തിയതികളിൽ എറണാകുളത്ത് വച്ച് നടക്കുന്ന സി.എം.പി 11-ാം പാർട്ടി കോൺഗ്രസിനോടനുബന്ധിച്ച് മലപ്പുറം ജില്ലയിലെ ബ്രാഞ്ച് സമ്മേളനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ട് തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ തൃക്കുളം അമ്പലപ്പടി ബ്രാഞ്ച് സമ്മേളനം അമ്പലപ്പടിയിൽ സംസ്ഥാന സെക്രട്ടറി കൃഷ്ണൻ കോട്ടുമല ഉദ്ഘാടനം ചെയ്തു. വിനോദ് പള്ളിക്കര അധ്യക്ഷത വഹിച്ചു.


ബ്രാഞ്ച് സെക്രട്ടറി കെ.കെ ബബീഷ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ സെക്രട്ടറി വാസു കാരയിൽ, ഏരിയാ സെക്രട്ടറി എം.ബി രാധാകൃഷ്ണൻ, മുനിസിപ്പൽ സെക്രട്ടറി അഷറഫ് തച്ചറപ്പടിക്കൽ, മുനിസിപ്പൽ കൗൺസിലർ എ.പി ജയശ്രീ, വി.ബിജിത, കെ.ഗീത, വി.കെ ബിന്ദു, കെ.കെ നാരായണൻ പുനത്തിൽ രവീന്ദ്രൻ കുട്ടി, എൻ. ശുഹൈബ്, ശ്രീധരൻ കൈപ്പൊള്ളിൽ എന്നിവർ സംസാരിച്ചു.

# നാദാപുരത്ത് പൊതുസ്ഥലത്ത് ദുർഗന്ധം; മാൻഹോൾ തുറന്ന് പരിശോധിച്ച് നടപടിയെടുത്ത് ഉദ്യോഗസ്ഥർ

നാദാപുരം: കസ്തൂരി കുളത്തിന് സമീപം പൊതുറോഡിൽ ഡ്രൈനേജിൽ നിന്ന് ദുർഗന്ധം വരുന്നുവെന്ന പരാതിയെ തുടർന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ ഫീൽഡ് തല പരിശോധന നടത്തി. ഹോട്ടൽ ഫുഡ് പാർക്കിന്റെ മലിനജല ടാങ്കിന്റെ മാൻഹോൾ ഉദ്യോഗസ്ഥർ അടപ്പ് തുറന്നു പരിശോധിച്ചതിൽ ടാങ്ക് നിറഞ്ഞു കവിഞ്ഞതിനാൽ മൂന്നുദിവസത്തിനകം മലിനജലം നീക്കം ചെയ്യുവാൻ ഹോട്ടൽ ഉടമക്ക് നോട്ടീസ് നൽകി. പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽഹമീദ്, അസിസ്റ്റന്റ് സെക്രട്ടറി ടി. പ്രേമാനന്ദൻ, ഹെൽത്ത് ഇൻസ്പെക്ടർ കെ. സതീഷ് ബാബു എന്നിവരാണ് പരിശോധന നടത്തിയത്. ചേലക്കാട് ടൗണിൽ ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന ക്വാർട്ടേഴ്സിന്റെ ഉടമയ്ക്ക് ക്വാർട്ടേഴ്സ് വൃത്തിഹീനമായതിനാൽ നോട്ടീസ് നൽകി .നാദാപുരം ടൗണിൽ ചെരുപ്പ് കടയിലെ പഴയ ചെരുപ്പുകൾ പൊതുസ്ഥലത്ത് തള്ളിയത് ഉടമയെ കൊണ്ട് നീക്കം ചെയ്യിപ്പിച്ചു. രണ്ടാം വാർഡിൽ ചീരോത്ത് സ്കൂൾ പരിസരത്തുള്ള അനാദി കടയുടെ പരിസരം വൃത്തിഹീനമായതിനാൽ കട ഉടമക്ക് 24 മണിക്കൂർ സമയം അനുവദിച്ച് കട ശുചീകരിക്കുവാൻ നിർദേശം നൽകി. ചേലക്കാട് ടൗണിൽ വാഹനഗതാഗതത്തിന് വിഘാതം സൃഷ്ടിക്കുന്നതിനാൽ ഫ്ളോട്ടിങ് സ്റ്റോണുകൾ റോഡിനരികിൽ നിന്നും മാറ്റുവാൻ ഉടമക്ക് നിർദേശം നൽകി.



ഹോട്ടൽ ഫുഡ് പാർക്കിന്റെ മലിനജല ടാങ്കിന്റെ മാൻഹോൾ അടപ്പ് തുറന്ന് പരിശോധിക്കുന്നു



മുഴപ്പിലങ്ങാട് പഞ്ചായത്ത് ഓഫിസിന് മുന്നിൽ ബി.ജെ.പി ധർമ്മടം മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച ധർണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ബി.ജെ.പി കണ്ണൂർ ജില്ലാ പ്രസിഡന്റ് എൻ. ഹരിദാസ്

# തെരുവ് നായ കടിച്ച് വിദ്യാർഥി മരിച്ച സംഭവം: ഉത്തരവാദിത്വത്തിൽ നിന്ന് പഞ്ചായത്തിനും ജില്ലാ-സംസ്ഥാന ഭരണാധികാരികൾക്കും ഒഴിഞ്ഞ് മാറാൻ കഴിയില്ലെന്ന്

കണ്ണൂർ: മുഴപ്പിലങ്ങാട് തെരുവ് നായ കടിച്ച് വിദ്യാർഥി മരിച്ച സംഭവത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് പഞ്ചായത്തിനും ജില്ലാ സംസ്ഥാന ഭരണാധികാരികൾക്കും ഒഴിഞ്ഞ് മാറാൻ കഴിയില്ലയെന്ന് ബി.ജെ.പി കണ്ണൂർ ജില്ലാ പ്രസിഡന്റ് എൻ. ഹരിദാസ് പറഞ്ഞു. മുഴപ്പിലങ്ങാട് പഞ്ചായത്ത് ഭരണം എസ്.ഡി.പി.ഐയുമായി കൂട്ടുചേർന്ന് എൽ.ഡി.എഫ്, യു.ഡി.എഫ് കക്ഷികൾ പരസ്പര സഹായ സഹകരണമുന്നണിയായി കൂട്ടുചേർന്ന് ഭരിക്കുകയാണെന്നും നിരവധി തവണ തെരുവ് നായ ശല്യം ജനങ്ങൾ ചൂണ്ടികാണിച്ചിട്ടും ഒരു നടപടിയും ഉണ്ടായില്ലെന്നും അദ്ദേഹം പറഞ്ഞു. തെരുവ് നായ പ്രശ്നത്തിൽ ഉദാസീന സമീപനം തുടരുന്ന പഞ്ചായത്ത് ഭരണാധികാരികൾക്കെതിരേ മുഴപ്പിലങ്ങാട് പഞ്ചായത്ത് ഓഫിസിന് മുന്നിൽ ബി.ജെ.പി ധർമ്മടം മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച ധർണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊട്ടതിനെല്ലാം കേന്ദ്രത്തെ കുറ്റം പറയുമ്പോൾ തങ്ങളുടെ മൂക്കിന് താഴെ നടക്കുന്ന സംഭവങ്ങൾ കാണാതെ നടിക്കുകയും ഉത്തരവാദിത്വത്തിൽ നിന്ന് മാറി നിൽക്കുകയും ചെയ്യുന്നത് അപഹാസ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മണ്ഡലം പ്രസിഡന്റ് അഭിലാഷ് വേലാണ്ടി അധ്യക്ഷത വഹിച്ചു. കെ.പി ഹരീഷ് ബാബു, ആർ.കെ ഗിരിധരൻ എന്നിവർ സംസാരിച്ചു. ദിവ്യ ചെള്ളത്ത് സ്വാഗതവും എ. രാജൻ നന്ദിയും പറഞ്ഞു.

# കേരളത്തിൽ ആധിപത്യം സ്ഥാപിച്ച് നന്ദിനി; മിൽമയുടെ കച്ചവടം കുറഞ്ഞു




തിരുവനന്തപുരം: കേരളത്തിലെ മിൽമയുടെ വിപണി പിടിച്ചടക്കി കർണാടക ബ്രാൻഡായ നന്ദിനി. കേരളത്തിലെ ചെറിയ സ്റ്റോറുകളിൽ വരെ നന്ദിനി ബ്രാൻഡ് എത്തിയതോടെയാണ് മിൽമയ്ക്ക് തലവേദനയായത്. അതിർത്തി കടന്നുള്ള പാൽവിൽപന തെരഞ്ഞെടുപ്പിന് ശേഷം നന്ദിനി കൂടുതൽ വ്യാപിപ്പിച്ചിട്ടുണ്ട്. കൊച്ചിയിൽ രണ്ടും മഞ്ചേരിയിലും തിരൂരിലും പന്തളത്തും തലനാടും നന്ദിനി പുതിയ ഔട്ട്ലറ്റുകൾ തുറന്നിട്ടുണ്ട്. മിൽമയുടെ ശക്തമായ എതിർപ്പ് അവഗണിച്ചാണ് നന്ദിനി ഔട്ട്ലെറ്റുകൾ കേരളത്തിൽ തുറക്കുന്നത്.രാജ്യത്തെ പാൽവിപണന രംഗത്തെ ഒന്നാമനായ ഗുജറാത്ത് ബ്രാൻഡ് അമൂലും രണ്ടാം സ്ഥാനക്കാരായ നന്ദിനിയും തമ്മിലുള്ള മത്സരം കർണാടകയ്ക്ക് പുറത്തേക്ക് വ്യാപിക്കുകയാണ്. കേരളത്തിന് പുറമെ തമിഴ്നാട്ടിലും നന്ദിനി ഔട്ട്ലെറ്റുകൾ തുറന്നിട്ടുണ്ട്. പക്ഷേ, തമിഴ്നാടിനെ ഇതുവലിയതോതിൽ ബാധിച്ചിട്ടില്ല. മിൽമയെക്കാൾ ഏഴുരൂപ വരെ കുറച്ചാണ് നന്ദിനി കേരളത്തിൽ പാലും പാലുൽപന്നങ്ങളും വിൽക്കുന്നത്. കർണാടക കോ-ഓപറേറ്റിവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് ഫെഡറേഷന്റെ പാലും പാലുൽപന്നങ്ങളുമാണ് നന്ദിനി എന്ന ബ്രാൻഡിൽ വിൽക്കുന്നത്.

കേരളത്തിൽ പാൽ വിൽക്കാനുള്ള നന്ദിനിയുടെ തീരുമാനത്തിനെതിരേ ശക്തമായ പ്രതികരണവുമായി മിൽമ രംഗത്തുവന്നു. പാൽ ഒഴികെയുള്ള ഉൽപന്നങ്ങൾ കേരളത്തിൽ വിൽക്കുന്നതിന് മിൽമ എതിരല്ല. ക്ഷീര കർഷകർക്ക് ദോഷകരമായ നീക്കത്തിൽനിന്ന് നന്ദിനി പിന്മാറണമെന്നും മിൽമ ആവശ്യപ്പെട്ടു. പാലുൽപാദനം കുറവുള്ള സമയങ്ങളിൽ രണ്ട് ലക്ഷം ലിറ്റർ വരെ പാൽ നന്ദിനിയിൽനിന്ന് മിൽമ വാങ്ങുന്നുണ്ട്. സീസണിൽ നന്ദിനിയുടെ സഹായത്തോടെയാണ് മിൽമ പാൽ വിപണനം ഉറപ്പുവരുത്തുന്നത് എന്നിരിക്കെ, മിൽമയുടെ പ്രവർത്തനമേഖലയിലേക്ക് നന്ദിനി പ്രവേശിക്കുന്നത് പരസ്പരധാരണയുടെ ലംഘനമാണെന്നും മിൽമ ചെയർമാൻ പറഞ്ഞു. പ്രതിദിനം 81 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്ന നന്ദിനി, വിവിധ പേരുകളിലായി അറുപതിലധികം പാലുൽപന്നങ്ങൾ വിപണിയിലിറക്കുന്നുണ്ട്. ഫ്രാഞ്ചൈസികൾ വഴി കേരള വിപണിയിൽ ഇടപെട്ടു തുടങ്ങിയ നന്ദിനിക്ക് വൻ വരവേൽപ്പാണ് കേരളത്തിൽ ലഭിക്കുന്നത്. ഈ രീതിയിൽ മുന്നോട്ട് പോയാൽ തങ്ങളുടെ കച്ചവടം പൂട്ടുമെന്ന് വ്യക്തമായതോടെയാണ് പ്രതിരോധവുമായി മിൽമ രംഗത്തെത്തിയിരിക്കുന്നത്.



കേരള ദളിത് ഫെഡറേഷൻ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പി.ടി ജനാർദ്ദനന്റെ നിര്യാണത്തെ തുടർന്ന് നടത്തിയ അനുശോചന യോഗത്തിൽനിന്ന്

## പി. ടിയെ നയിച്ചത് അംബേദ്കർ – ഗാന്ധിജി സമ്മിശ്ര ധാര: ജെ. എസ് അടൂർ

കോഴിക്കോട്: കേരള ദളിത് ഫെഡറേഷൻ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പി.ടി ജനാർദ്ദനന്റെ നിര്യാണത്തിൽ കോഴിക്കോട് അനുശോചന യോഗം നടത്തി. പി.ടിയെ നയിച്ചത് അംബേദ്കർ-ഗാന്ധിജി സമ്മിശ്ര ധാരയാണെന്നും അതിന്റെ മഹത്വത്തിന് മാതൃകയാണ് അദ്ദേഹത്തിന്റെ പൊതുജീവിതമെന്നും അനുശോചന യോഗം ഉദ്ഘാടനം ചെയ്ത ജെ.എസ് അടൂർ പറഞ്ഞു. കെ.വി സുബ്രഹ്മണ്യൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ദേവദാസ് കുതിരാടം സ്വാഗതം പറഞ്ഞു. ബാജി ജോസഫ്, സതീഷ് പാറന്നൂർ, പി.രാധാകൃഷ്ണൻ, ആസിഫ് കുന്നത്ത്, എം.കെ കണ്ണൻ, എൻ.കെ ശ്രീമതി, സി.കെ രാമൻ കുട്ടി, ഇ.പി കാർത്യാനി, ശാരദ ബേപ്പൂർ എന്നിവർ സംസാരിച്ചു.




ഫ്രറ്റേണിറ്റി സ്കൂൾ മെമ്പർഷിപ് ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനം ഫറോക് ഗവ. ഗണപത് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ജില്ലാ സെക്രട്ടേറിയറ്റംഗം സമീഹ ബാഫഖി നിർവഹിക്കുന്നു


## മലബാർ മേഖലയിലെ വിദ്യാഭ്യാസ പ്രതിസന്ധി പരിഹരിക്കണം: ഫ്രറ്റേണിറ്റി മൂവ്മെന്റ്

കോഴിക്കോട്: മലബാറിലെ സീറ്റ് പ്രതിസന്ധി മുൻവർഷത്തേക്കാൾ ഭീകരമാണെന്നും അഡ്മിഷൻ പ്രക്രിയകൾ ആരംഭിക്കുന്നതിനു മുന്നേ പരിഹാരം കണ്ടില്ലെങ്കിൽ അര ലക്ഷത്തോളം വിദ്യാർത്ഥികളുടെ ഭാവി പെരുവഴിയിലാകുമെന്നും ഫ്രറ്റേണിറ്റി മൂവ്മെന്റ് കോഴിക്കോട് ജില്ലാ സെക്രട്ടേറിയറ്റംഗം സമീഹ ബാഫഖി പറഞ്ഞു. 'നീതി ചോദിക്കുന്ന പോരിടങ്ങളിൽ ആത്മാഭിമാനത്തിന്റെ പേരാണ് ഫ്രറ്റേണിറ്റി' എന്ന തലക്കെട്ടിൽ നടക്കുന്ന സ്കൂൾ മെമ്പർഷിപ് ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനം ഫറോക് ഗവ. ഗണപത് ഹയർ സെക്കന്ററി സ്കൂളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അവർ. തെക്കൻ ജില്ലകളിൽ ഒഴിഞ്ഞുകിടക്കുന്ന 14 ബാച്ചുകൾ മലബാർ മേഖലയിലേക്ക് കൊണ്ടുവന്നത് കൊണ്ടുമാത്രം വിദ്യാഭ്യാസ പ്രതിസന്ധികൾ പരിഹരിക്കാനാവില്ല.

ഒരുപാട് വർഷമായി മലബാറിലെ വിദ്യാർഥികൾ ഉന്നയിക്കുന്ന വിഷയം ആയിരുന്നിട്ട് കൂടി, ഇതിനോട് മുഖം തിരിഞ്ഞിരിക്കുന്ന സർക്കാർ നിലപാട് വഞ്ചനാപരമാണെന്നും അവർ കൂട്ടിചേർത്തു. ഉന്നത പഠനത്തിന് യോഗ്യത നേടിയ മുഴുവൻ വിദ്യാർഥികൾക്കും സീറ്റ് ലഭിക്കും വരെ തെരുവിൽ നിന്ന് സമരം നയിക്കാൻ തന്നെയാണ് ഫ്രറ്റേണിറ്റി മൂവ്മെന്റ് തീരുമാനിച്ചിട്ടുള്ളതെന്നും അവർ പറഞ്ഞു. ഫ്രറ്റേണിറ്റി മൂവ്മെന്റ് ബേപ്പൂർ മണ്ഡലം പ്രസിഡന്റ് ഹസ്നു സ്വാലിഹ് അധ്യക്ഷത വഹിച്ചു. മണ്ഡലം സെക്രട്ടറി അബ്ദുൽ ഫതഹ് സ്വാഗതവും യൂണിറ്റ് പ്രസിഡന്റ് നജാദ് റൈഹാൻ നന്ദിയും പറഞ്ഞു. യൂണിറ്റ് സെക്രട്ടറി നഷ നേതൃത്വം നൽകി.

# മഴക്കാലത്ത് ഫാഷണബിളാവാൻ പാലിക്കാം നാല് സിമ്പിൾ ടിപ്സ്

വസ്ത്രങ്ങൾക്ക് ഓരോ വ്യക്തിയുടെയും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിൽ മുഖ്യസ്ഥാനമുണ്ട്. എന്നാൽ മഴക്കാലത്ത് എല്ലാ വേഷങ്ങളും പരീക്ഷിക്കാൻ പറ്റിയ സമയമല്ല. എന്ന് കരുതി ഇഷ്ട വസ്ത്രങ്ങളോട് നോ പറയേണ്ട ആവശ്യവുമില്ല. മികച്ച ഫാഷൻ തന്നെ മഴക്കാലത്തും പരീക്ഷിക്കാം. മഴക്കാലത്ത് ഫാഷണബിളാവാൻ പാലിക്കാം ഈ സിമ്പിൾ ടിപ്സ്.



**1.കനം കുറഞ്ഞ വസ്ത്രങ്ങൾ തിരഞ്ഞെടുക്കാം**

കനം കുറഞ്ഞ പോളിയെസ്റ്റർ, വിസ്കോസ്, ഷിഫോൺ പോലെയുള്ള മെറ്റീരിയലിലുള്ള വസ്ത്രങ്ങൾ തിരഞ്ഞെടുക്കാം. ഇവ ഉണങ്ങാനും എളുപ്പമാണ്. ചുളിവുകൾ വീഴില്ല എന്നതും ഈ മെറ്റീരിയലുകളെ മഴക്കാലത്തെ പ്രിയപ്പെട്ട തുണിത്തരങ്ങളാക്കി മാറ്റുന്നു. മിഡി പോലുള്ള വസ്ത്രങ്ങളാണ് പുറത്തിറങ്ങുമ്പോൾ ധരിക്കാൻ ഉത്തമം. മാക്സി പോലുള്ള നീളം കൂടിയ വസ്ത്രങ്ങളിൽ പെട്ടെന്ന് ചെളിപിടിക്കുവാനുള്ള സാധ്യത കൂടുതലാണ്. ജീൻസും മഴക്കാലത്ത് മാറ്റിവെക്കുന്നതാണ് ഉചിതം.

**2. കടുത്ത നിറങ്ങൾ പരീക്ഷിക്കാം**

മഴക്കാലത്ത് ധരിക്കാൻ ഏറ്റവും മികച്ചത് വൈബ്രന്റ് നിറങ്ങളാണെന്ന് ഫാഷൻ വിദ്ഗദ്ധർ പറയുന്നു. ഫ്യൂഷ്യ പിങ്ക്, റോയൽ ബ്ലൂ, ബ്ലാക്ക് തുടങ്ങിയ നിറങ്ങളിലുള്ള വസ്ത്രങ്ങൾ മഴക്കാലത്ത് നിങ്ങളെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കും. ചേരുന്ന സ്ലിപ്പേഴ്സ് പോലുള്ള ചെരിപ്പുകളും അണിയാം.

**3. ഹെയർസ്റ്റൈലും അടിപൊളിയാക്കാം**

മുടി അഴിച്ചിടാതിരിക്കുന്നതാണ് മഴക്കാലത്ത് മുടിയുടെ ആരോഗ്യത്തിന് നല്ലത്. ഈർപ്പം നിറഞ്ഞ് ദുർഗന്ധം വരാതിരിക്കാനും എളുപ്പത്തിൽ മാനേജ് ചെയ്യാനും കെട്ടിവെക്കുന്നതാണ് നല്ലത്. ഹെയർ ആക്സസറീസ് കുറഞ്ഞ ഹൈ പോണിടെയിൽ, ബൺ എന്നീ സ്റ്റൈലുകൾ പരീക്ഷിക്കാം.

**4. സ്ലിപ്പേഴ്സ് ധരിക്കാം**

ഷൂസ് പോലെയുള്ള പാദങ്ങൾ പൂർണമായി മൂടുന്ന വിധത്തിലുള്ള ചെരിപ്പുകളോട് തത്ക്കാലം നോ പറയാം. വെള്ളത്തിലൂടെ നടക്കേണ്ടി വരാൻ സാധ്യതയുള്ളതിനാൽ ഷൂസ് നനഞ്ഞാൽ അത് ഉണങ്ങാൻ കൂടുതൽ സമയം വേണം. മാത്രവുമല്ല, നനഞ്ഞ ഷൂസിന് ദുർഗന്ധവും ഉണ്ടാകും. മഴക്കാലത്ത് പാദസംരക്ഷണം ഉറപ്പാക്കുവാനും ചെരുപ്പുകൾ ഉപയോഗിക്കുന്നതാണ് നല്ലത്. ചെരുപ്പുകൾ തിരഞ്ഞെടുക്കുമ്പോഴും ഡാർക്ക് ഷേയ്ഡ് തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കണം.

# റെയിൽവേയുടെ സിഗ്നൽ വയർ മുറിച്ചുമാറ്റി മോഷ്ടിക്കാൻ ശ്രമിച്ച അതിഥിതൊഴിലാളിയെ പിടികൂടി




റെയിൽവേയുടെ സിഗ്നൽ വയർ മുറിച്ചുമാറ്റി മോഷ്ടിക്കാൻ ശ്രമിച്ച സംഭവത്തിൽ പിടികൂടിയ പ്രതി ചിന്നപൊന്നുവിനൊപ്പം ആർ.പി.എഫ് ഉദ്യോഗസ്ഥർ

തലശ്ശേരി: തലശ്ശേരി കൊടുവള്ളിയിൽ റെയിൽവേയുടെ സിഗ്നൽ വയർ മുറിച്ചുമാറ്റി മോഷ്ടിക്കാൻ ശ്രമിച്ച അതിഥി തൊഴിലാളിയായ സ്ത്രീയെ റെയിൽവേ പ്രൊട്ടക്ഷൻ പൊലിസ് പിടികൂടി. തമിഴ്നാട് ചിന്നസേലം മാമന്തൂർ വില്ലേജിലെ നോർത്ത് സ്ട്രീറ്റിൽ ചിന്നപൊന്നുവിനെ (48) ആണ് ആർ.പി.എഫ് പോലിസ് പിടികൂടിയത്. കഴിഞ്ഞ ബുധനാഴ്ചയായിരുന്നു സംഭവം. മോഷണ ശ്രമമായിരുന്നു സ്ത്രീയുടെ ലക്ഷ്യം. ആക്രി സാധനങ്ങൾ ശേഖരിക്കുന്ന സ്ത്രീയാണിവർ. സി.സി.ടി.വി പരിശോധിച്ച് നടത്തിയ അന്വേഷണത്തിലാണ് സ്ത്രീ കുയ്യാലിയിൽ വച്ച് പിടികൂടിയത്. സംഭവം നടക്കുമ്പോൾ സ്ത്രീയുടെ കൂടെ ഒരാളുണ്ടായിരുന്നു. ഇയാൾക്കായുള്ള അന്വേഷണം ഊർജിതമാക്കി. ഇൻസ്പെക്ടർ ബിനോയ് ആന്റണി, എസ്.ഐ കെ.വി മനോജ് കുമാർ, ഉദ്യോഗസ്ഥരായ സജേഷ് ശ്രീരഞ്ച്, ശ്രുതി എന്നിവരുടെ നേതൃത്വത്തിലാണ് സ്ത്രീയെ പിടികൂടിയത്.

# ഫാക്ടറി വിലക്ക് ഹെൽമെറ്റ്; വിൽപ്പനമേള നാള മുതൽ

കോഴിക്കോട്: ഇരുചക്ര വാഹനമുടമകൾക്ക് ഫാക്ടറി വിലക്ക് ഹെൽമെറ്റ് ലഭിക്കുന്നതിന് ഹെൽമെറ്റ് വിപണനമേള നാളെ മുതൽ ആരംഭിക്കുമെന്ന് എം.ഐ അഷ്റഫ്(പ്രസിഡന്റ് സിറ്റി മർച്ചന്റ്സ് അസോസിയേഷൻ ആന്റ് മാനേജിങ് ഡയരക്ടർ ടർട്ടിൽ ഹെൽമെറ്റ് കമ്പനി) വാർത്താസമ്മേളനത്തിൽ പറഞ്ഞു. കോഴിക്കോട് സിറ്റി മർച്ചന്റ്സ് അസോസിയേഷന്റെ സഹകരണത്തോടെ 'ഹെൽമെറ്റ് ധരിക്കൂ-ജീവൻ രക്ഷിക്കൂ' എന്ന ക്യാമ്പയിനിന്റെ ഭാഗമായി ടർട്ടിൽ ഹെൽമെറ്റ് കമ്പനി നടത്തുന്ന നാലാമത്തെ പദ്ധതിയാണ് വിപണന മേള. കോഴിക്കോട്ട് ബീച്ചിലുള്ള കമ്പനി ഷോറൂമായ ഇറ്റാലിക്ക ട്രേഡിങ് കമ്പനിയിലാണ് മേള (കോഴിക്കോട് വലിയങ്ങാടിയിലുള്ള ഖലീഫ മസ്ജിദിന് സമീപം, ഫോൺ: 9349110915, 8086661603). ആവശ്യക്കാർക്ക് ഷോറൂമിൽ വന്ന് രാവിലെ 10 മണി മുതൽ വൈകീട്ട് ആറ് മണിവരെ ഹെൽമെറ്റ് വാങ്ങാൻ സൗകര്യത്തിന് പ്രത്യേകം കൗണ്ടർ ഏർപ്പെടുത്തിയിട്ടുണ്ട്. 17 മുതൽ 30വരെ നീണ്ടുനിൽക്കുന്ന വിപണന മേളയിൽ (ഞായർ ഒഴികെ) മുതിർന്ന പൗരൻമാർ, സ്ത്രീകൾ, കുട്ടികൾ ഉൾപ്പെടെ എല്ലാ പ്രായക്കാർക്കും അനുയോജ്യമായ രീതിയിൽ ഉപയോഗിക്കാവുന്ന ഐ.എസ്.ഐ, ഐ.എസ്.ഒമാർക്കുള്ള 22ലധികം മോഡലുകളിൽ ഹെൽമെറ്റുകൾ ലഭ്യമാണ്. മുതിർന്ന ഭിന്നശേഷിക്കാരൻ എസ്.അബ്ദുൽ റസാക്കിന് ടർട്ടിൽ ഹെൽമെറ്റ് കമ്പനി സ്പോൺസർ ചെയ്ത ഹെൽമെറ്റും ഫെയ്സ് ഷീൽഡും മൂന്നുമാസം ഇന്ധനം നിറയ്ക്കാനുള്ള തുകയും മലബാർ ഡെവലപ്മെന്റ് കൗൺസിൽ പ്രസിഡന്റ് ഷെവലിയർ സി.ഇ ചാക്കുണ്ണി കൈമാറിയിട്ടുണ്ട്.

19-09-2019ൽ കോഴിക്കോട് കിഡ്സൺ കോർണറിലെ ചടങ്ങിൽവച്ച് ടൂവീലറിൽ സുരക്ഷിതമായ യാത്ര പ്രോത്സാഹിപ്പിക്കുന്നതിന് തിരഞ്ഞെടുത്ത അർഹരായവർക്ക് സൗജന്യമായ ഹെൽമെറ്റ് വിതരണം നടത്തിയിട്ടുണ്ട്. കടലുണ്ടിയിൽ രക്ഷാപ്രവർത്തനം നടത്തിയ തറയിൽ രതീഷിന് ഹെൽമെറ്റും ക്യാഷ് അവാർഡും സ്വർണ നാണയവും നൽകി കമ്പനി ആദരിക്കുകയും വെള്ളിമാടുകുന്ന്, ബീച്ച്, മീഞ്ചന്ത എന്നീ ഫയർസ്റ്റേഷനുകളിൽ ടർട്ടിൽ കമ്പനിയുടെ ഫെയ്സ് ഷീൽഡുകൾ, ടോർച്ച് എന്നിവ അഗ്നിശമന സേനാംഗങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ ഷെവ.സി.ഇ ചാക്കുണ്ണി, എം.എൻ ഉല്ലാസൻ (ജന. സെക്രട്ടറി, സിറ്റി മർച്ചന്റ്സ് അസോസിയേഷൻ), സി.കെ ബാബു (ട്രഷറർ), ബിജോയ് ഭരതൻ(മാനേജർ, ടർട്ടിൽ ഹെൽമെറ്റ് കമ്പനി-ഡൽഹി) എന്നിവരും സംബന്ധിച്ചു.

# ഹൈലൈറ്റ്മാൾ ഫാഷൻവീക്കിന് ഇന്ന് തുടക്കം

കോഴിക്കോട്: ഹൈലൈറ്റ്മാൾ ഫാഷൻവീക്കിന്റെ നാലാംപതിപ്പ് ഇന്ന് വൈകീട്ട് ആറ് മണിക്ക് തേഡ് ഫ്ളോറിൽ ആരംഭിക്കുമെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് സി.ഇ.ഒ അജിൽ മുഹമ്മദും മാൾഹെഡ് കെ.ജനാർദനനും വാർത്താസമ്മേളനത്തിൽ പറഞ്ഞു. പിന്നണി ഗായിക ഗൗരിലക്ഷ്മിയുടെ മ്യൂസിക്ബാൻഡ് ഷോയോടെയാണ് ഫാഷൻവീക്കിന് തുടക്കമാവുക. കഴിഞ്ഞ സീസണുകളിൽ നിന്ന് വ്യത്യസ്തമായി എമർജിംഗ് സ്റ്റൈൽസ്, എമർജിംഗ് ടാലന്റ് എന്നതാണ് ഇത്തവണത്തെ തീം. ഫാഷൻലോകത്തെ പുതുമയുടേയും സർഗാത്മകതയുടേയും നവീന വീക്ഷണങ്ങളുടേയും ആഘോഷമായിരിക്കും നാലാംപതിപ്പ്. പ്രാദേശിക ഫാഷൻ കമ്മ്യൂണിറ്റിയെ പിന്തുണക്കുന്നതിന്റെ ഭാഗമായി പ്രതിഭാധനരായ പ്രാദേശിക ഡിസൈനർക്കായി ഹൈലൈറ്റ് ഫാഷൻ വീക്കിൽ അവസരം നൽകുന്നുണ്ട്. ലിയോണ, മാളവിക, ദിൽഷ, ബിപിൻജോർജ് തുടങ്ങിയ മോളിവുഡ് സെലിബ്രിറ്റികൾ സംബന്ധിക്കും. സംസ്ഥാനത്തെ മികച്ച ഡിസൈനർമാർ ഫാഷൻ വീക്കിനെത്തുന്നുണ്ട്. ഹൈലൈറ്റ്മാളും ശാംഖാൻ സംവിധാനം ചെയ്യുന്ന ഷോയും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഹൈലൈറ്റ് മാളിന്റെ ഫാഷൻവീക്ക് കോഴിക്കോടിന്റെ പ്രധാന ഫാഷൻ മേളയായി മാറിയിട്ടുണ്ടെന്നും ഈ മേഖലയിലെ ഫാഷൻ-സ്റ്റൈൽ പ്രേമികൾക്കും വ്യവസായ പ്രൊഫഷണലുകൾക്കും വലിയ അവസരമാണ് ഒരുക്കുന്നതെന്നും ഈ വർഷത്തെ ഇവന്റ് പുതിയ ഫാഷൻ ഡിസൈനർമാരെ സൃഷ്ടിക്കാനും വ്യവസായത്തിന്റെ വളർച്ചക്കുതകുമെന്നും അവർ കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ മാർക്കറ്റിങ് മാനേജർ തൻവീർ, ഷോ ഡയരക്ടർ ശാംഖാൻ എന്നിവരും പങ്കെടുത്തു.

# മാഹിയിൽ തെരുവുനായ ആക്രമണം; എട്ടു പേർക്ക് കടിയേറ്റു

മാഹി: മണ്ടോള, ശ്രീകൃഷ്ണ ക്ഷേത്ര പരിസരങ്ങളിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ എട്ടു പേർക്ക് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരുക്കേറ്റു. അഞ്ച് പേർ മാഹി ആശുപത്രിയിലും മൂന്ന് പേർ തലശ്ശേരി ആശുപത്രിയിലും ചികിത്സ തേടി. ഒരു വിദ്യാർഥിക്കും ഒരു സ്ത്രീക്കും ആക്രമണത്തിൽ പരുക്കേറ്റിട്ടുണ്ട്. വ്യാഴാഴ്ച വൈകീട്ടാണ് നായുടെ കടിയേറ്റത്. നായ്ക്കൾ കൂട്ടം ചേർന്നാണ് ആക്രമണം നടത്തിയത്. മണ്ടോള ഭാഗത്ത് തെരുവുനായ ശല്യം രൂക്ഷമാണ്. പി.കെ രാമൻ മെമ്മോറിയൽ സ്കൂൾ, പാറക്കൽ എൽ.പി സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർഥികൾ ഭീതിയോടെയാണ് സ്കൂളിലേക്ക് പോവുന്നത്. വ്യാഴാഴ്ച രാവിലെ പൂഴിത്തലയിൽ അഴിയൂർ കക്കടവ് സ്വദേശിക്കും നായുടെ കടിയേറ്റിരുന്നു. അധികൃതർ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.